പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 7804      15.07.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യാത്രാപാസ്

**ചോദ്യം**      **ഉത്തരം**

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിൽ ഏതെല്ലാം തരത്തിലുള്ള സൗജന്യ യാത്രാ പാസ്സുകളാണ് നിലവിൽ നൽകിവരുന്നത്; ഓരോന്നിന്റെയും പ്രത്യേകതകൾ വിശദമാക്കുമോ; | (എ) | 1) <u>വികലാംഗർ :-</u> 40%-ൽ കൂടുതൽ സ്ഥിരമായ അസ്ഥിവൈകല്യമുള്ളവരും 15000/- രൂപയിൽ കുറവ് വരുമാനവുമുള്ള വികലാംഗർക്കാണ് സൗജന്യ യാത്രാപാസ് നൽകുന്നത്. ഇവർക്ക് 70% യാത്രാകൂലി യിൽ ഇളവ് ലഭിക്കുന്നു.<br>2) <u>അന്ധർ :-</u> 100% രണ്ട് കണ്ണിനും അന്ധതയുള്ളവർക്ക് വരുമാന പരിധിയില്ലാതെ നല്കുന്ന യാത്രാ സൗജന്യ പാസ്. യാത്രക്ക് 100% ഇളവ് അനുവദിച്ചിരിക്കുന്നു.<br>3) ബധിര-മൂകർ :- 50% വൈകല്യമുള്ള ബധിര-മൂകരായവർക്ക് യാത്രാകൂലിയുടെ പകുതി നൽകി താമസ സ്ഥലത്തുനിന്നും 40 കി.മീറ്റർ ദൂരം യാത്ര ചെയ്യുന്നതിന് നൽകുന്ന പാസ്. വരുമാനപരിധി ഇല്ല.<br>4) <u>ബുദ്ധിമാന്ദ്യമുള്ളവർ :-</u> 50% ബുദ്ധി മാന്ദ്യമുള്ളവർക്ക് താമസ സ്ഥലത്തുനിന്നും 40 കി.മീറ്റർ ദൂരം യാത്ര ചെയ്യുന്നതിന് നൽകുന്ന പാസ്. യാത്രാകൂലിയിൽ പകുതി ഇളവ്. വരുമാനപരിധി ഇല്ല. കൂടെ പോകുന്ന ആളിനും പകുതി യാത്രാകൂലി നൽകിയാൽ മതിയാകും.<br>5) മുൻ ഗതാഗത വകുപ്പ് മന്ത്രിമാർ (ഗോൾഡൻ പാസ് എന്നറിയപ്പെടുന്നു)<br>6) എം.എൽ.എ.-മാർ, മുൻ എം.എൽ.എ. |

| | | | |
|---|---|---|---|
| | | | -മാർ, എം.പി.-മാർ ഇവർക്ക് (നിയമസഭ സെക്രട്ടേറിയറ്റ് നൽകുന്ന തിരിച്ചറിയൽ കാർഡ് ഉപയോഗിച്ച് യാത്ര അനുവദിച്ചിരിക്കുന്നു).<br>7) 70 വയസ്സുകഴിഞ്ഞ മുൻ.എം.എൽ.എ.-മാരെ അനുഗമിക്കുന്ന ഒരാളിന്.<br>8) അക്രഡിറ്റേഷനുള്ള പത്രപ്രവർത്തകർ.<br>9) സ്വാതന്ത്ര്യസമര സേനാനികൾ, അവരുടെ വിധവകൾ.<br>10) ക്യാൻസർ രോഗികൾക്ക് ചികിത്സയ്ക്ക് പോയി വരുന്നതിനു മാത്രം നൽകുന്ന പാസ്.<br>11) കെ.എസ്.ആർ.ടി.സി.യുടെ SC&LA (സംസ്ഥാന തലത്തിൽ യാത്രകൾക്ക്), ജില്ലാതല വക്കീലൻമാർ (ജില്ലാതല യാത്രകൾക്ക്)<br>12) കെ.എസ്.ആർ.ടി.സി ഡയറക്ടർ ബോർഡ് അംഗങ്ങൾ.<br>13) കോംപ്ലിമെന്ററി പാസുകൾ (അർജ്ജുന, ദ്രോണാചാര്യ അവാർഡ് ജേതാക്കൾ, കബീർ പുരസ്ക്കാരം നേടിയവർ, അംഗീകൃത തൊഴിലാളി സംഘടനകളുടെ ജനറൽ സെക്രട്ടറി, പ്രസിഡന്റ്, പി.സി.ആർ.എ നിന്നുള്ള അദ്ധ്യാപകർ, ഏഷ്യാഡിലെ സ്വർണ്ണമെഡൽ ജേതാക്കൾ എന്നിവർക്ക്. |
| (ബി) | എല്ലാ വിഭാഗങ്ങൾക്കും കൂടി നൽകിയിട്ടുള്ള പാസ്സുകളുടെ എണ്ണം ഓരോ വിഭാഗം തിരിച്ച് വെളിപ്പെടുത്തുമോ; | (ബി) | വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഒരേസമയം യാത്രാപാസ്സും ഔദ്യോഗിക വാഹനവും ഉപയോഗിക്കുന്ന എത്ര ജീവനക്കാർ കെ.എസ്.ആർ.ടി.സി യിലുണ്ട്; വിശദ വിവരം നൽകാമോ; | (സി) | എല്ലാ ജീവനക്കാർക്കും ഓഫീസർമാർക്കും പാസ് നൽകിയിട്ടുള്ളതാണ്. ഔദ്യോഗിക വാഹനം ഔദ്യോഗിക യാത്രയ്ക്ക് മാത്രമെ ഉപയോഗിക്കുന്നുള്ളൂ. |

| | | | |
|---|---|---|---|
| (ഡി) | ഡ്യൂട്ടിക്ക് വരുന്നതിനും മടക്കയാത്രയ്ക്കും പാസ്സുള്ളവരെല്ലാം പാസഞ്ചർ വാഹനം മാത്രം ഉപയോഗപ്പെടുത്തുന്നതിനും പാസഞ്ചർ ഇതര കെ.എസ്.ആർ.ടി.സി വാഹനം ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും കർശന നിർദ്ദേശം നൽകുമോ ? | (ഡി) | ഡ്യൂട്ടിക്ക് വരുന്നതിനും മടക്കയാത്രയ്ക്കും സി.എം.ഡി ഒഴികെയുള്ളവർ പാസഞ്ചർ വാഹനത്തെയാണ് ആശ്രയിക്കുന്നത്. ഔദ്യോഗിക യാത്രയ്ക്ക് പലപ്പോഴും പാസഞ്ചർ വാഹനത്തെ ആശ്രിയിക്കുന്നത് ബുദ്ധിമുട്ടാണ്. എന്നാൽ ഔദ്യോഗിക വാഹനം അനാവശ്യമായി ഉപയോഗിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No. | Category of Passes | Disability | Rate of Concession allowed | Buses to which pass allowed | Distance allowed to travel | Details of Pass issued |
|---|---|---|---|---|---|---|
| 1 | PHC | 40% or more | 70% | City, Ordinary, CF & FP | Within the State | 35920 |
| 2 | Blind | 100% | 100% | City, Ordinary, CF & FP | Within the State | 9699 |
| 3 | Deaf & Dumb | 50% or more | 50% | City, Ordinary & City Fast | Within the state Up to 40Kms from Residence | 5365 |
| 4 | Mentally Retarded & One accompanying | 50% or more | 50% | City, Ordinary & City Fast | Within the state Up to 40Kms from Residence | 2338 |
| 5 | Freedom Fighters | NA | 100% | Services excluding A/C, Volvo & Jnnurm Buses | Within the State | 2433 |
| 6 | Pressmen * | NA | 100% | Services excluding A/C, Volvo & Jnnurm Buses | Services Including Interstate | 521 |
| 7 | Standing Council (District wise) | NA | 100% | City, Ordinary, CF, FP, SF & Super Express | Within the District | 49 |
| 8 | Standing Council & Legal Advisor (State wise) | NA | 100% | City, Ordinary, CF, FP, SF & Super Deluxe | Within the State | 3 |
| 9 | Others* Complimentary | NA | 100% | Services excluding A/C, Volvo & Jnnurm Buses | Services Including Interstate | 45 |
| 10 | MLA, Ex MLA, MP & Ex MP | NA | 100% | Services excluding A/C, Volvo & Jnnurm Buses | Services Including Interstate | 397 |
| 11 | Permanent Employees and Officers | NA | | | 20 Kms ( Below 12 years service) TOS (Above 12 years Service) | 35433 |
| 12 | Temporary | NA | | Upto Fast passenger | 15 Kms | 9746 |
| 13 | Service Pensioners & Ex-gratia Pensioners | NA | | Upto Fast Passenger | 12 Kms from their residence | 27035 |

* Only Rs.125/-per pass per month is reimbursed by Govt.

* <u>Others</u>

| | | |
|---|---|---|
| Arjuna & Dronachariya Award Winners – 18 + 2 | – | 20 |
| Kabeer Puraskar. | – | 1 |
| BSS | – | 1 |
| Board Members & Ex Board Members. | – | 19 |
| Central Govt. Award Winner (Padmasree) | – | 1 |
| PCRA | – | 3 |
| Total: | | **45 nos** |

സെക്ഷൻ ഓഫീസർ